പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1445 **16-10-2026-ൽ മറുപടിയ്ക്ക്**

റബ്ബർ കൃഷി ഫലപ്രദമായി നടത്തുന്നതിന് സൗകര്യം ഒരുക്കാൻ നടപടി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. തോമസ് ഉണ്ണിയാടൻ ശ്രീ. ടി. സിദ്ദീഖ്
(കൃഷി വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്ത് റബ്ബർ കൃഷി ഫലപ്രദമായി നടത്തുന്നതിന് കർഷകർക്ക് മതിയായ താങ്ങുവിലയും മറ്റ് അനുബന്ധ സൗകര്യങ്ങളും ലഭ്യമാക്കുവാനുള്ള പദ്ധതി ആവിഷ്കരിക്കാൻ തയ്യാറാകുമോ; എങ്കിൽ ഇതിന്റെ വിശദാംശം ലഭ്യമാക്കാമോ;

മറുപടി: റബ്ബർ കർഷകർക്ക് സാമ്പത്തിക സഹായം നേരിട്ട് ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടു കൂടി റബ്ബറിന് താങ്ങുവില പ്രഖ്യാപിച്ച് 2015 മുതൽ സംസ്ഥാന സർക്കാർ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് 'റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം'. ഈ പദ്ധതി നടപ്പിലാക്കിയതുവഴി കർഷകർക്ക് റബ്ബറിന് താങ്ങുവിലഉറപ്പ വരുത്തുവാൻ സാധിച്ചിട്ടുണ്ട്. റബ്ബറിന് മതിയായ താങ്ങുവില ഉറപ്പുവരുത്തുന്നതിനായി, കിലോയ്ക്ക് 200 രൂപയായിരുന്ന റബ്ബറിൻ്റെ താങ്ങുവില സർക്കാർ സ.ഉ (പി) നം.76/2026/ധന തീയതി 03.07.2026 ഉത്തരവ് പ്രകാരം, 2026 ജൂലൈ 3 മുതൽ കിലോയ്ക്ക് 250 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. താങ്ങുവില ഉയർത്തുക വഴി റബ്ബർ കർഷകർ കൃഷി ഉപേക്ഷിക്കുന്ന പ്രവണത തടയാൻ കഴിഞ്ഞിട്ടുണ്ട്.

(ബി) റബ്ബർ കർഷകരുടെ പ്രശ്നങ്ങൾ പഠിക്കുന്നതിനും പരിഹരിക്കുന്നതിനും സമിതിയെ നിയോഗിക്കുവാൻ നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ;

മറുപടി: റബ്ബർ കർഷകരുടെ പ്രശ്നങ്ങൾ പഠിക്കുന്നതിനും പരിഹരിക്കുന്നതിനും സമിതിയെ നിയോഗിക്കുവാൻ നിലവിൽ തീരുമാനിച്ചിട്ടില്ല.

(സി) സ്വാഭാവിക റബ്ബറിന്റെ ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനായി സർക്കാർ മേഖലയിലും സ്വകാര്യ മേഖലയിലും പുതിയ കമ്പനികൾ ആരംഭിക്കാൻ നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

മറുപടി: സ്വാഭാവിക റബ്ബറിന്റെ ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനായി സർക്കാർ മേഖലയിൽ പുതിയ കമ്പനികൾ ആരംഭിക്കാൻ നിലവിൽ തീരുമാനം ആയിട്ടില്ല.

സെക്ഷൻ ഓഫീസർ